**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ വെബ് സൈറ്റ് ഡെവലപ്പ് ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2897/2016/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 17/10/2016**

---

പരാമർശം:- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ സെക്രട്ടറിയുടെ 20.07.2016 ലെ എ 1/5342/13/ഒബിഡിഎൻ നമ്പർ കത്ത്

<u>ഉത്തരവ്</u>

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ വെബ് സൈറ്റിലെ തകരാറുകൾ പരിഹരിക്കാനാവാത്ത വിധത്തിലായതിനാൽ പുതിയ വെബ് സൈറ്റ് ഡെവലപ്പ് ചെയ്യുന്നതിന് ഭരണാനുമതി നൽകുന്നതിന് പരാമർശം ഒന്നിലെ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ ഓംബുഡ്സ്മാൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന് "2515-00-101-64-05-4 ഓഫീസ് ചിലവുകൾ - മറ്റിനങ്ങൾ" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 4,23,000/- രൂപയിൽ നിന്നും ചിലവ് വഹിച്ച് പുതിയ വെബ് സൈറ്റ് ഡെവലപ്പ് ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.എസ്. ബിന്ദു**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**